# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

## ദയവായി ഈ ആനയെ ഒന്ന് നോക്കൂ

പാലക്കാട്-കോയമ്പത്തൂർ റെയിൽ പാതയിൽ വാളയാറിനടുത്ത് ട്രെയിൻ തട്ടിമരിക്കുന്ന കാട്ടാനകളുടെ എണ്ണം വീണ്ടും കൂടി വരുകയാണ്. ഈ അടിയന്തിര പ്രശ്നത്തിന് പരിഹാരം കാണാതെ റെയിൽ വികസനം വേഗത്തിലാക്കാൻ ജനസമ്പർകൾ നടത്തി മിണ്ടാപ്രാണികളെ മരണ കയത്തിലേക്ക് വീണ്ടും തള്ളി വിടുകയാണ് അധികാരികൾ. കഴിഞ്ഞ രണ്ട് മാസങ്ങൾക്കിടയിൽ നാല് ആനകളാണ് ഇവിടെ ട്രയിൻ തട്ടി മരിച്ചത്. ഒരു വർഷത്തനിടയിൽ എട്ട് ആനകൾ കൊല്ലപ്പെട്ടു. വനമേഖലകളിലൂടെയും ആനത്താരകളിലൂടെയും റെയിൽ പാത നിർമ്മിക്കുമ്പോൾ ആലോച്ചിക്കാതിരുന്ന ഈ പ്രശ്നം കാര്യങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുകയാണുണ്ടായത്. 10 കിലോമീറ്റർ പാതയിൽ കിടങ്ങുകൾ കുഴിച്ചും സൗരോർജ്ജ വൈദ്യുതി ഉപയോഗിച്ചുള്ള വേലി തീർത്തും കേരള വനം വകുപ്പ് ചില നടപടികൾ ആരംഭിച്ചിട്ടുണ്ട്. റെയിൽവെ അധികൃതർ ഇതുവരെ വിഷയത്തിൽ കാര്യമായി ഇടപെട്ടിട്ടില്ല. ശാസ്ത്രീയ സമീപനത്തിലൂടെ ദൂരെ നിന്നും ആനകളെ കണ്ടാൽ തിരിച്ചറിയാൻ കഴിയുന്ന സംവിധാലങ്ങൾ വികസിപ്പിച്ചെയുത്ത് ആവശ്യമുള്ള പരിശീലനം ഡ്രൈവർമാർക്ക് നൽകാനും നടപടികൾ സ്വീകരിക്കുക. ഏഷ്യൻ ആനകളിൽ 60 ശതമാനത്തോളം എണ്ണം ഇന്ത്യയിലാണുള്ളത്. ഇവയുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ആനകളെ സംരക്ഷിക്കുന്നതിന് നാം നൽകേണ്ട പ്രാധാന്യം വളരെ വലുതാണ്.

**കെ. എസ് ലാൽ**
അകത്തേത്തറ, പാലക്കാട്

കൃഷിഭൂമി ഭൂമി ആവശ്യപ്പെട്ട് ആദിവാസി-ദളിത് ജനവിഭാഗങ്ങൾ ചെങ്ങറത്തോട്ടത്തിൽ നടത്തിവരുന്ന ഐതിഹാസിക സമരം 2009 ആഗസ്റ്റ് 4ന് രണ്ട് വർഷം പിന്നിട്ടു. പട്ടിണിമൂലവും ചികിത്സ ലഭിക്കാതെയും 11 പേരാണ് ഇതുവരെ സമരഭൂമിയിൽ മരണമടഞ്ഞത്. സമരത്തിനെതിരെ നുണപ്രചരണങ്ങളുമായി സി പി എം തൊഴിലാളി സംഘടനകൾ ഇപ്പോഴും പല വിധത്തിൽ ഉപരോധങ്ങൾ തുടരുകയാണ്. മാവോയിസ്റ്റുകളെന്നും തീവ്രവാദികളെന്നും ഹാരിസണിന്റെ റബർ മോഷ്ടിക്കുന്നവരുമെന്നെല്ലാം സംസ്ഥാന മുഖ്യമന്ത്രിയടക്കമുള്ളവർ ആക്ഷേപിച്ചിട്ടും അസാധാരണ കരുത്തോടെ പുറംപോക്കുകളിലും പാറപ്പുറത്തും ലക്ഷം വീട് കോളനികളിലും ശ്വാസം മുട്ടിക്കഴിഞ്ഞിരുന്നവർ സമരരംഗത്ത് തുടരുകയാണ്. 76,000 ഏക്കർ ഭൂമി ഹാരിസൺ കമ്പനിയുടെ കൈയിൽ അനധികൃതമായുണ്ടെന്ന് സർക്കാർ തന്നെ അംഗികരിച്ചിട്ടും ഇതുവരെ സമരക്കാർക്ക് നീതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. നാളുകളുടെ അധ്വാനം കൊണ്ട് സമരഭൂമിയിൽ തന്നെ ജീവത മാർഗ്ഗങ്ങൾ അവർ കണ്ടെത്തിക്കഴിഞ്ഞു. കൃഷിഭൂമി സർക്കാർ തന്നില്ലെങ്കിൽ സമരഭൂമിയിൽ തന്നെ ജീവിച്ച് മരിക്കുക എന്നത് ലക്ഷ്യമാക്കിമാറ്റികഴിഞ്ഞ സമരക്കാർ വിവാഹമുൾപ്പെടെയുള്ള പല സുപ്രധാന ചടങ്ങുകളും ഇപ്പോൾ സമരഭൂമിയിൽ വച്ചാണ് നടത്തുന്നത്. സർവ്വ അടവുകളും പയറ്റിയ സി പി എമ്മിന്റെ ഉപരോധ സമരം പരാജയമേറ്റുവാങ്ങിയിട്ടും നടത്തുന്ന അപഹാസ്യ നാടകം അവസാനിപ്പിക്കാൻ സമയമായി.

**സി. രാജൻ**
കോന്നി, പത്തനംതിട്ട

## ജലസംരക്ഷണ പരിശീലന ക്യാംപ്

ജലസംരക്ഷണം, പ്രകൃതി ജീവനം, ജൈവകൃഷി എന്നീവിഷയങ്ങളെ ആസ്പദമാക്കി യുവാക്കളിൽ പരിസ്ഥിതി ബോധം വളർത്തുന്നതിന് വേണ്ടി ഒരേ ഭൂമി ഒരേ ജീവൻ ത്രിദിന പരിശീല ക്യാംപ് സംഘടിപ്പിക്കുന്നു. പ്രകൃതി വിഭവങ്ങളുടെ പുനരുജ്ജീവനം, കാര്യബോധത്തോടെയുള്ള ഉപയോഗത്തിന്റെ പ്രാധാന്യം എന്നിവയും വിഷയമാകുന്നു. സെപ്റ്റംബർ 3 മുതൽ 6 വരെ തൃശ്ശൂർ ജില്ലയിലെ മണ്ണുത്തിയിൽ വച്ചാണ് ക്യാംപ്. താത്പര്യമുള്ളവർ ആഗസ്റ്റ് 28ന് മുൻപ് പേര് രജിസ്റ്റർ ചെയ്യുക.

ബന്ധങ്ങൾക്ക് :9497288641

## സൃഷ്ടികൾ ക്ഷണിക്കുന്നു

മരം വിഷയമാക്കി തയ്യാറാക്കുന്ന സുവനീറിലേക്ക് മരത്തെക്കുറിച്ചുള്ള കഥ, കവിത, ലേഖനങ്ങൾ, കൗതുകവാർത്തകൾ, സമരാനുഭവങ്ങൾ എന്നിവ എത്രയും വേഗം അയച്ചുതരിക.

വിലാസം : യേശുദാസ് വരാപ്പുഴ
വരാപ്പുഴ തപാൽ
എറണാകുളം-683517


കേരളീയം
പുസ്തകശാല

പുസ്തകങ്ങൾ

1. ഇല്ലംനിറ (കഥകൾ)
   കെ.ആർ. ഇന്ദിര
2. ചെന്നൈ വിശേഷവും കുറിപ്പുകളും
   ബിജു എസ്. ബാലൻ
3. ജാഗ്രതയുടെ കാവൽമാടം
   കേരളീയം 100 ലക്കങ്ങൾ സമാഹരിച്ചത്
   എഡിറ്റർ : കെ.ആർ. ഇന്ദിര
4. മാർക്സിസത്തിനുശേഷം
   എഡിറ്റർ ; ദിലീപ് രാജ്
5. പ്ലാച്ചിമട : അനുഭവങ്ങൾ, പാഠിച്ചകൾ
   എഡിറ്റർ : ടി.ടി. ശ്രീകുമാർ
6. കേരളീയം സൈക്കിൾ പുസ്തകം
   എഡിറ്റർ : പ്രൊഫ.കെ.ജി.ശങ്കരപ്പിള്ള

കേരളീയം
കൊക്കാലെ, തൃശൂർ-21
ഫോൺ : 9446576943, 04872421385
robinkeraleeyam@gmail.com